ADFW/9487/2023-SH1

I/137965/2023

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ:ശ്രീമതി ബീന പി.എസ്.)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം- ഓവർസീർ ഗ്രേഡ് 1 തസ്തികയിലെ 2023വർഷത്തെ പൊതുസ്ഥലമാറ്റം - അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചു ഉത്തരവാകുന്നു

പരാമർശം :- 1 .25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ

2. 27.2.2022- ലെ സർക്കാർ ഉത്തരവ് (Rt) നമ്പർ 147/22/Agri

3. 05.11.2019 - ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1075/19/Agri

4. 07.08.2023- ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ ADFW/100/2023-SA2
5. 16.09.2023- ൽ കൂടിയ കമ്മിറ്റിയുടെ മിനിട്ട്സ് .

6. 21/9/2023 ലെ ഈ കാര്യാലയത്തിലെ ADFW/9487/2023-SH-1 നമ്പർ ഉത്തരവ

**ഉത്തരവ് നമ്പർ ADFW/9487/2023-SH1 തീയതി . 19-10-2023**

പരാമർശം ( 1 ) , ( 2 ) , ( 3 ) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം ( 4 ) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ S P A R K മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു . ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശിപാർശയോടുകൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച ഓവർസീർ ഗ്രേഡ് 1 തസ്തികയിലെ പൊതുസ്ഥലമാറ്റ അപേക്ഷകൾ S P A R K മുഖേന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത് ലഭിച്ച 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം ( 6 ) പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ 26/9/2023 തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ പൊതുസ്ഥലമാറ്റ മാനദണ്ഢങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഗണനാർഹമായവ പരിഹരിച്ച് SPARK മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച ഓവർസീർ ഗ്രേഡ് 1 തസ്തികയിലെ 2023 വർഷത്തെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ ഉത്തരവ് / ലിസ്റ്റ് വകുപ്പിന്റെ വെബ് സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

അന്തിമ പൊതു സ്ഥലംമാറ്റ ലിസ്റ്റിൽ സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർ പകരം ജീവനക്കാർ ജോലിയ്ക്ക് ഹാജരായില്ലെങ്കിലും ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും ചട്ടപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പുതിയ സ്ഥലത്ത് ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്.ഇപ്രകാരം വിടുതൽ ചെയ്യാതിരിയ്ക്കുന്ന ജീവനക്കാർക്കെതിരെയും / ബന്ധപ്പെട്ട ഡിഡിഒ -മാർക്കെതിരെയും നടപടികൾ സ്വീകരിയ്ക്കുന്നതാണ്.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 28

/10/ 2023-ന് മുമ്പായി വിടുതൽ ചെയ്യവെന്നും ചട്ടപ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചവെന്നും ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

Signed by
Beena P S
Date: 19-10-2023 10:23:14
BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാരന് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)

2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക

പകർപ്പ്

- IT സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ

mailed 3.02 pm
21/10/23